2025 APRIL
25
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# അദാനി ഡേറ്റ സെന്റർ ബിസിനസ്സിലേക്ക്; മുടക്കുന്നത് 85000 കോടിയിലധികം രൂപ

**മുംബൈ:** ഇന്ത്യയിൽ ഡേറ്റാ സെൻറർ ബിസിനസിലേക്ക് കടന്ന് ഗൗതം അദാനി. ഏകദേശം 85000 കോടിയിലധികം രൂപ മുടക്കുകയാണ് ഗൗതം അദാനി. ഇന്ത്യയിൽ വരാനിരിക്കുന്ന ഏറ്റവും വലിയ ബിസിനസുകളിലൊന്നായി മാറാൻ പോവുകയാണ് ഡേറ്റാ സെൻറർ ബിസിനസ്. എ ഐ (നിർമ്മിത ബുദ്ധി) രംഗത്തും ബിസിനസ് പ്രോസസിംഗ് നയിക്കുന്ന തരം ബിസിനസുകളും ഡേറ്റാ സെൻററിന് വലിയ സാധ്യതകൾ നൽകുന്ന മേഖലകളാണ്. ഒരു ഡേറ്റാ സെൻററിന്റെ പ്രാഥമിക ധർമ്മം ബിസിനസുകൾക്ക് പ്രവർത്തിക്കാൻ ആവശ്യമായ ഡേറ്റ സംഭരിക്കുക, പ്രോസസ്സ് ചെയ്യുക, കൈകാര്യം ചെയ്യുക (സാധാരണയായി വലിയ അളവിലുള്ള) എന്നിവയാണ്. ഇതിനായി സെർവറുകൾ, സ്റ്റോറേജ് ഉപകരണങ്ങൾ, നെറ്റ്‌വർക്കിംഗ് ഉപകരണങ്ങൾ എന്നിവ പോലുള്ള ഭൗതിക അടിസ്ഥാന സൗകര്യ ഘടകങ്ങളും ഒരുക്കണം. ഇത് തടസ്സമില്ലാത്തതും സുരക്ഷിതവുമായ ഡാറ്റ പ്രോസസ്സിംഗും സംഭരണവും ഉറപ്പാക്കുന്നു. തുടക്കത്തിൽ ഒരു ജിഗാവാട്ടിന്റെ രണ്ട് ഡേറ്റാ സെൻററുകളാണ് അദാനി ആരംഭിക്കുക. ഇതിനായി മഹാരാഷ്ട്ര, തമിഴ്നാട്, ഗുജറാത്ത്, ആന്ധ്ര എന്നിവിടങ്ങളിൽ പ്രാഥമിക പരിശോധനകൾ നടത്തിയിട്ടുണ്ട്. അധികം വൈകാതെ ഇത് 10 ജിഗാവാട്ട് ശേഷിയുള്ള ഡേറ്റാ സെൻററായി ഉയർത്തും. ഡേറ്റാ സെൻററിന് വേണ്ട അടിസ്ഥാനസൗകര്യം മഹാരാഷ്ട്രയിൽ ആണ് ഉയർത്തുക. ഇതിന് 590 കോടി ഡോളർ ചെലവിടും. സ്വീഡിനലെ എഡ്ജ് കണക്സ് എന്ന കമ്പനിയുമായി ചേർന്നാണ് ഡേറ്റാ സെൻറർ ബിസിനസ് സ്ഥാപിക്കുക. അദാനി കണക്സ് എന്ന പേരിലായിരിക്കും ഈ സംരംഭം അറിയപ്പെടുക.



# പാക് ഓഹരികളിൽ കൂട്ടത്തകർച്ച

**മുംബൈ:** പഹൽഗാം ഭീകരാക്രമണത്തിന് തിരിച്ചടിയായി ഇന്ത്യയെടുത്ത കടുത്ത നടപടികളുടെ പശ്ചാത്തലത്തിൽ പാക്കിസ്ഥാന്റെ ഓഹരി വിപണി ഇന്നു നേരിട്ടത് വൻ തകർച്ച. പാക്കിസ്ഥാൻ സ്റ്റോക്ക് എക്സ്ചേഞ്ചിലെ കെഎസ്ഇ100 സൂചിക 1,086 പോയിന്റിടിഞ്ഞാണ് വ്യാപാരം ചെയ്യുന്നത്.

ഭീകരാക്രമണത്തിന്റെ ഉത്തരവാദിത്തം പാക്കിസ്ഥാനുമേൽ വരുന്നതും ആഗോളതലത്തിൽ പാക്കിസ്ഥാനെതിരെ പ്രതിഷേധം ഉയർന്നേക്കാമെന്നതുമാണ് നിക്ഷേപകരെ വിൽപന സമ്മർദ്ദത്തിനു പ്രേരിപ്പിച്ചത്.

അട്ടാരി അതിർത്തി അടയ്ക്കാനും നദീജലക്കരാറിൽ നിന്ന് പിന്മാറാനുമുള്ള ഇന്ത്യയുടെ തീരുമാനവും ഓഹരികളിൽ ഇടിവിനു വഴിയൊരുക്കി. പുറമെ, ലോകബാങ്കും ഐഎംഎഫും പാക്കിസ്ഥാന്റെ ജിഡിപി വളർച്ചാ അനുമാനം കുറച്ചതും തിരിച്ചടിയായി. പാക്കിസ്ഥാന്റെ ജിഡിപി വളർച്ച നടപ്പുവർഷം വെറും 2.7 ശതമാനമായിരിക്കുമെന്ന് കഴിഞ്ഞദിവസം ലോകബാങ്ക് വിലയിരുത്തിയിരുന്നു.

ഇതിനു പിന്നാലെ ഇന്ത്യ സ്വീകരിച്ച കടുത്ത നടപടികളുടെ ആഘാതം കൂടിയാകുമ്പോൾ പാക്കിസ്ഥാനെ കാത്തിരിക്കുന്നത് ഗുരുതര സാമ്പത്തിക പ്രതിസന്ധിയായിരിക്കുമെന്നാണ് വിലയിരുത്തലുകൾ.

# ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നേഴ്സിങ്ങ് അവാർഡ്സ്: ഗ്രാൻഡ് ജൂറിയെ പ്രഖ്യാപിച്ചു

**കൊച്ചി:** ജിസിസിയിലെയും ഇന്ത്യയിലെയും ഏറ്റവും വലിയ സംയോജിത ആരോഗ്യ പരിചരണ സേവന ദാതാക്കളിലൊന്നായ ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ യുഎഇയിലെ ദുബായ് വേദിയാകുന്ന ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നേഴ്സിങ്ങ് അവാർഡ്സ് 2025ന്റെ ഗ്രാൻഡ് ജൂറിയെ പ്രഖ്യാപിച്ചു.

ആരോഗ്യ പരിചരണ രംഗത്തെ ആഗോള വിദഗ്ധരായ അഞ്ച് പേരെയാണ് ഗ്രാൻഡ് ജൂറിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ബോട്സ്വാനയിലെ മുൻ ആരോഗ്യ വകുപ്പ് മന്ത്രിയും, പാർലമെന്റംഗവും, ആഫ്രിക്കൻ ലീഡേർസ് മലേറിയ അലയൻസ് സ്പെഷ്യൽ അംബാസഡറും, ഗ്ലോബൽ എച്ച്ഐവി പ്രിവെൻഷൻ കോ അലീഷൻ കോചെയർ പേഴ്സണുമായ ഷെയ്‌ല ട്ലോ, സിഡ്നിയിലെ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജിയിലെ ഡബ്ല്യൂഎച്ച്ഒ കൊളാബറേറ്റിങ്ങ് സെന്റർ ഫോർ നഴ്സിങ്ങിന്റെ അഡ്ജങ്ക്റ്റ് പ്രൊഫസറും, ഹ്യൂമൺ റിസോർസസ് ഫോർ ഹെൽത്ത് ജേർണലിന്റെ എഡിറ്റർ ഓഫ് എമരിറ്റസുമായ ജെയിംസ് ബുക്കാൻ, ഒബിഇ അവാർഡ് ജേതാവ് ((ഓഫീസർ ഓഫ് ദി ഓർഡർ ഓഫ് ബ്രിട്ടീഷ് എംപയർ), സ്വതന്ത്ര ഹെൽത്ത് കെയർ കൺസൾട്ടന്റ്, എൻഎച്ച്എസ് സെൻട്രൽനോർത്ത് വെസ്റ്റ് ലണ്ടൻ മുൻ സിഇഒ, റോയൽ കോളേജ് ഓഫ് നഴ്സിങ്ങിന്റെ മുൻ സിഇഒയുമായ ഡോക്ടർ പീറ്റർ കാർട്ടർ, ഇന്റർനാഷനൽ ഡയബറ്റിസ് ഫെഡറേഷൻ പ്രസിഡന്റ് ഇലക്റ്റ്, ഫ്രാൻസിലെ അക്സാ  എസൻഷ്യോൾ സീനിയർ കൺസൾട്ടന്റ്,  യുക്കെയിലെ ഹെൽത്ത്ഫോർഓൾ അഡ്വൈസറിയുടെ മാനേജിങ്ങ് ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ഡോ. നിതി പാൽ, ഏഷ്യാ ഹെൽത്ത് കെയർ ഹോൾഡിങ്ങ്സ് എക്സിക്യൂട്ടീവ് ചെയർമാൻ, ടിപിജി ഗ്രോത്ത് സീനിയർ അഡ്വൈസർ, നീയോനേറ്റ്സ് ഫൗണ്ടേഷൻ ഓഫ് ഇന്ത്യ ജനറൽ കൗൺസിൽ മെംബർ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന വിശാൽ ബാലി എന്നിവരാണ് ഗ്രാൻഡ് ജൂറി അംഗങ്ങൾ.



## പാക് വ്യോമപാത അടച്ചു; മറ്റ് വ്യോമപാതകളിലൂടെ സർവീസ് നടത്തുമെന്ന് എയർ ഇന്ത്യയും ഇൻഡിഗോയും

**ന്യൂഡൽഹി:** പഹൽഗാം ഭീകരാക്രമണത്തിനു പിന്നാലെ ഇന്ത്യയുടെ ശക്തമായ നയതന്ത്ര നടപടികൾക്ക് മറുപടിയുമായി പാക്കിസ്ഥാൻ ഇന്ത്യൻ വിമാനങ്ങൾക്ക് വ്യോമപാത വിലക്കി. വ്യോമപാത നിഷേധിച്ച പാക്കിസ്ഥാൻ നടപടിക്ക് പരിഹാരം കാണാൻ മറ്റ് പാതകളിലൂടെ വിമാനങ്ങൾ സർവീസ് നടത്തുമെന്ന് എയർ ഇന്ത്യയും ഇൻഡിഗോയും അറിയിച്ചു.

ഇതോടെ നോർത്ത് അമേരിക്ക, യുകെ എന്നിവിടങ്ങളിലേക്ക് യാത്ര ചെയ്യാൻ അധികസമയമെടുക്കും. യൂറോപ്യൻ രാജ്യങ്ങളിലേക്കും മിഡിൽ ഈസ്റ്റിലേക്കും യാത്രാസമയം കൂടും.



സൊസൈറ്റി ടുഡേ
SOCIETY TODAY

# കുട്ടികളുടെ മാനസികാരോഗ്യം പരിപോഷിപ്പിക്കണം

**തിരുവനന്തപുരം:** കുട്ടികളുടെ സമ്പൂർണ വളർച്ച ഉറപ്പാക്കുന്നതിനും കാത്തുസൂക്ഷിക്കുന്നതിനും മാനസികാരോഗ്യം പരിപോഷിപ്പിക്കണമെന്ന് ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ. ഇഷ്ടമുള്ള കലാകായിക പ്രവർത്തനങ്ങളിൽ സജീവമാക്കുന്നതിലൂടെ സാമൂഹികമായി ഇടപഴകി ലഹരി പോലുള്ള വിപത്തുകളിൽ നിന്നും അകലം പാലിച്ച് നല്ല തലമുറയായി വളരുമെന്നും അവർ പറഞ്ഞു. സാംക്രമികേതര രോഗങ്ങളും കുട്ടികളിലെ ആരോഗ്യ പ്രശ്നങ്ങളും എന്ന വിഷയത്തിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷനും യുണിസെഫും സംയുക്തമായി സംഘടിപ്പിച്ച സംസ്ഥാനതല കൂടിയാലോചനായോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു ചീഫ് സെക്രട്ടറി.

സന്തോഷത്തോടെ ജീവിക്കാനുള്ള കുട്ടികളുടെ അവകാശം സംരക്ഷിക്കപ്പെടണം. ഇത് രക്ഷിതാക്കളുടേയും സമൂഹത്തിന്റേയും കൂട്ടായ ഉത്തരവാദിത്തമാണ്. സ്വതന്ത്രമായി വളരുന്നതിനാവശ്യമായ സാധ്യതകളും സാഹചര്യങ്ങളും ഒരുക്കാൻ രക്ഷിതാക്കൾ ശ്രദ്ധിക്കണം. അണുകുടുംബങ്ങൾ വ്യാപകമായതോടെ കുട്ടികൾ ഒറ്റപ്പെടലുകൾ അനുഭവിച്ച് നിരാശയിലേക്ക് എത്തിപ്പെടുന്ന സാഹചര്യം കണ്ടുവരുന്നുണ്ട്. ബന്ധുക്കളുടെ ഒത്തുചേരലുകളൊക്കെ ഒഴിവാക്കി മൊബൈൽ ഫോണുകളിലൂടെ സമൂഹ മാധ്യമങ്ങളിൽ ഒതുങ്ങിക്കൂടുന്ന അവസ്ഥക്ക് മാറ്റം വരണം.

വിദ്യാലയങ്ങളിലെ കലാകായിക പ്രവർത്തനങ്ങൾക്കുള്ള ഇടം നഷ്ടപ്പെടുത്താനാകില്ല. വിദ്യാലയങ്ങളിലെ ഇത്തരം ആക്ടിവിറ്റികളിലൂടെ ചെറുപ്പം മുതൽക്കേ ശാരീരിക മാനസിക ക്ഷമത വർദ്ധിപ്പിച്ച് ഫിറ്റ്നെസ് ഉണ്ടാക്കാൻ കഴിയും. സംഘങ്ങളായുള്ളതും വ്യക്തിഗതവുമായ കളികളിലൂടെ ജീവിതം കരുപ്പിടിപ്പിക്കേണ്ട പാഠങ്ങളാണ് അവർ സ്വായത്തമാക്കുന്നത്. സംസ്കരിച്ച ഭക്ഷണ സംസ്കാരം കുട്ടികളെ അനാരോഗ്യത്തിലേക്കാണ് നയിക്കുന്നത്. വീട്ടിലെ നാടൻ ഭക്ഷണ രീതി മാറി സംസ്കരിച്ച ഭക്ഷണങ്ങൾ ശീലമാക്കുന്നതാണ് രോഗങ്ങൾ വർദ്ധിക്കാൻ കാരണമെന്നും ചീഫ് സെക്രട്ടറി വ്യക്തമാക്കി.

കുട്ടികളുടെ അവകാശങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും സംരക്ഷിക്കുന്നതിനും സമൂഹം വ്യക്തമായ പ്രതിബദ്ധത കാണിക്കുന്നുണ്ടെങ്കിലും സാംക്രമികേതര രോഗങ്ങളുടെ കാര്യത്തിൽ കുട്ടികൾ പലപ്പോഴും അവഗണിക്കപ്പെടുന്നതായി അദ്ധ്യക്ഷനായിരുന്ന ബാലാവകാശ സംരക്ഷണ കമ്മിഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാർ പറഞ്ഞു. കുട്ടികളിൽ സാംക്രമികേതര രോഗങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തുകയും രക്ഷിതാക്കളും അധ്യാപകരും ചേർന്ന് ആരോഗ്യകരമായ ജീവിതശൈലി വളർത്താൻ പ്രേരിപ്പിക്കുകയും ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു.

യുണിസെഫിന്റെ സോഷ്യൽ പോളിസി സ്പെഷ്യലിസ്റ്റ് കൗശിക് ഗാംഗുലി സാംക്രമികേതര രോഗങ്ങളും കുട്ടികളിലെ ആരോഗ്യ പ്രശ്നങ്ങളും എന്ന വിഷയം അവതരിപ്പിച്ചു. ആരോഗ്യ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറും എൻ.സി.ഡി സ്റ്റേറ്റ് നോഡൽ ഓഫീസറുമായ ഡോ. ബിപിൻ. കെ.ഗോപാൽ വിഷയം അവതരിപ്പിച്ചു. കമ്മിഷൻ അംഗങ്ങളായ കെ.കെ. ഷാജു, എഫ്. വിൽസൺ, ചൈൽഡ് ഹെൽത്ത് റെയർ ഡിസീസെസ് സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. രാഹുൽ യു.ആർ എന്നിവർ മോഡറ്റർമാരായിരുന്നു. കമ്മിഷൻ അംഗങ്ങളായ ബി. മോഹൻകുമാർ, എൻ.സുനന്ദ, ജലജമോൾ.റ്റി.സി, സിസിലി ജോസഫ് എന്നിവർ സന്നിഹിതരായിരുന്നു. സർക്കാർ മേഖലയിലെ എൻ.സി.ഡി ഡോക്ടർമാർ, വിദ്യാർഥികൾ, അധ്യാപകർ, രക്ഷകർത്താക്കൾ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.

# രാജ്യാന്തര തുറമുഖവും ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന പാത നിർമാണം ആരംഭിച്ചു



**വിഴിഞ്ഞം:**രാജ്യാന്തര തുറമുഖത്തെ ദേശീയ പാതയുമായി ബന്ധപ്പെടുത്തുന്ന താൽക്കാലിക ഗതാഗതത്തിനുള്ള പാത നിർമാണത്തിനു തുടക്കമായി. തലക്കോട് ഭാഗത്ത് ഇടത്തേക്കും അടിപ്പാത മാർഗത്തിലൂടെ വലത്തേക്കും തിരിഞ്ഞു പോകുന്ന രീതിയിലാണ് പാത നിർമാണം. ഡിസംബറോടെ പൂർത്തിയാകുമെന്നു ബന്ധപ്പെട്ടവർ അറിയിച്ചു. പാത സജ്ജമാകുന്നതോടെ തുറമുഖത്തു നിന്നും തിരിച്ചും റോഡു മാർഗമുള്ള കണ്ടെയ്നർ നീക്കം യാഥാർഥ്യമാകും.

തുറമുഖ പ്രവർത്തനത്തിന്റെ നേരിട്ടുള്ള പ്രതിഫലനം നാട്ടിൽ കാണാനാകുമെന്നതും നേട്ടമാകും. തലക്കോട് ഭാഗത്ത് എത്തി തലസ്ഥാനത്തേക്കു ഇടതു വശത്തു സജ്ജമാകുന്ന പാത വഴി 400 മീറ്ററിനുള്ളിൽ സർവീസ് റോഡു വഴി സഞ്ചരിച്ചു ബൈപാസിലേക്ക് പ്രവേശിക്കും വിധമാണ് പാത സജ്ജമാക്കുന്നത്. കന്യാകുമാരി ഭാഗത്തേക്ക് അടിപ്പാത വഴിക്കും സമാന രീതിയിൽ പാത സജ്ജമാക്കും. നിലവിലെ സർവീസ് റോഡിലെ ഗതാഗതത്തെ ബാധിക്കാത്ത വിധമാവും പുതിയ പാത സജ്ജീകരിക്കുക എന്നു ബന്ധപ്പെട്ടവർ പറഞ്ഞു.

ഇതിനായി അധികമായി ഏറ്റെടുത്ത ഭാഗത്തെ ഭൂമി വിനിയോഗിച്ചു പാത വീതി വർധിപ്പിക്കും. തുറമുഖത്തു നിന്നുള്ള പാത നിലവിൽ തലക്കോട് ഭാഗത്തിനു സമീപം പാലം നിർമിതിയിൽ എത്തി നിൽക്കുകയാണ്. പാലത്തിൽ നിന്നു തുടങ്ങുമ്പോൾ വശത്ത് സംരക്ഷണ മതിലുകളോടെ ചായ്‌വിൽ തുടങ്ങി സർവീസ് റോഡിനടുത്ത് എത്തുമ്പോൾ ഭൂ നിരപ്പിൽ എന്ന നിലക്കാണ് പാത പണിയുന്നത്. ഇവിടെ നിന്നാണ് ഇരു വശങ്ങളിലേക്ക് തിരിയുക. ബൈപാസിലേക്കുള്ള പ്രവേശന മാർഗം തുറക്കുന്നതിനു ദേശീയ പാത അതോറിറ്റിയുടെ അനുമതി നേരത്തെ ലഭിച്ചതായി അധികൃതർ പറഞ്ഞു.

റിങ് റോഡ് പദ്ധതി കൂടി ഈ ഭാഗത്ത് എത്തുന്ന മുറക്ക് ക്ലോവർ ലീഫ് മാതൃക റോഡ് ആണ് ഇവിടെ വരുന്ന സ്ഥിരം സംവിധാനം.ഇതിന് കുറഞ്ഞത് രണ്ടു വർഷ ത്തിലേറെ സമയം എടുക്കും എന്നതു കൊണ്ടാണ് തുറമുഖ ത്തേക്കുള്ള താൽക്കാലിക റോഡു വേണ്ടിവരുന്നത്. തുറമുഖ കവാടത്തിൽ നിന്നു ബൈപാസ് വരെ ഏകദേശം1.7 കിലോമീറ്റർ ദൈർഘ്യം വരുന്നതാണ് റോഡ്

# തലശ്ശേരി തീർഥാടന ടൂറിസത്തിന് 25 കോടിയുടെ കേന്ദ്രാനുമതി

**കണ്ണൂർ:** കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശി ദർശൻ 2.0 പദ്ധതി വഴി പൈതൃക നഗരിയായ തലശ്ശേരിയുടെ വികസനത്തിന് 25 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതായി നിയമസഭാ സ്പീക്കർ എ.എൻ ഷംസീർ അറിയിച്ചു. ആറ് ഘടക പദ്ധതികളായി തിരിച്ചാണ് അനുമതി. സുസ്ഥിര വികസനം ലക്ഷ്യമിട്ടുകൊണ്ട് ടൂറിസം കേന്ദ്രങ്ങൾ ആകർഷകമാക്കാനും തീർഥാടന ടൂറിസം കേന്ദ്രമാക്കി തലശ്ശേരിയേയും പരിസര പ്രദേശങ്ങളെയും ഉയർത്തിക്കൊണ്ടുവരാനും പദ്ധതി ലക്ഷ്യമിടുന്നു. താഴെ അങ്ങാടി പൈതൃക തെരുവ് നവീകരണത്തിന് 400 ലക്ഷം, ചിറക്കക്കാവിന് 151 ലക്ഷം, തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിന് 498 ലക്ഷം, പൊന്ന്യം ഏഴരക്കണ്ടം കളരി അക്കാദമിക്ക് 193 ലക്ഷം, ചൊക്ലി നിടുമ്പ്രം തെയ്യംകലാ അക്കാദമിക്ക് 123 ലക്ഷം, ഹരിത ടൂറിസത്തിന് 325 ലക്ഷം, സാങ്കേതിക സംവിധാനങ്ങൾ ഒരുക്കാൻ 266 ലക്ഷം, മാർക്കറ്റിംഗ് പ്രൊമോഷന് 25 ലക്ഷം, പരിശീലനം, ശിൽപശാലകൾ എന്നിവയ്ക്ക് 52 ലക്ഷം എന്നിങ്ങനെ ആറ് ഘടക പദ്ധതികളിലായി 25 കോടി രൂപയുടെ പ്രവർത്തനാനുമതിയാണ് ലഭ്യമായത്.

# ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി; ഓംബുഡ്സ്മാൻ റിപ്പോർട്ട് സമർപ്പിച്ചു

**തിരുവനന്തപുരം:** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ഓംബുഡ്സ്മാൻ എൽ.സാം ഫ്രാങ്ക്ളിൻ 202425 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. റിപ്പോർട്ട് കാലയളവിൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് 222 പരാതികൾ ലഭിച്ചതിൽ 211 പരാതികൾ തീർപ്പാക്കി. അർഹതപ്പെട്ട വേതന നിഷേധം, തൊഴിൽ നിഷേധം, മേറ്റുമാരുടെ നിയമനം, നിർമാണ പ്രവൃത്തികൾക്ക് തുക സമയബന്ധിതമായി അനുവദിച്ചു നൽകാതിരുന്നത്, തൊഴിലിട സൗകര്യങ്ങൾ നിഷേധിയ്ക്കൽ തുടങ്ങിയ പരാതികളാണ് പരിഹരിക്കപ്പെട്ടത്.

അർഹതപ്പെട്ട തുക അനുവദിച്ചു നൽകാതിരുന്ന 8 പരാതികളിലായി, 10,30,145 രൂപ നൽകുകയും അതിൽ 80% തുക പരാതിക്കാർക്ക് സമയബന്ധിതമായി നൽകുകയും ബാക്കി തുക നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു. 84,625 രൂപ തൊഴിലുറപ്പു പദ്ധതി ഫണ്ടിലേയ്ക്ക് തിരിച്ചടപ്പിയ്ക്കുകയും ചെയ്തു.

ജില്ലയിലെ 11 ബ്ലോക്കു പഞ്ചായത്തുകളിലും 73 ഗ്രാമപഞ്ചായത്തുകളിലും ഓംബുഡ്സ്മാൻ നേരിട്ട് സന്ദർശനം നടത്തി. എല്ലാ തൊഴിലിടങ്ങളിലും മതിയായ അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ഫീൽഡ് സന്ദർശനങ്ങളുടെ ഭാഗമായി ഓംബുഡ്സ്മാൻ നേരിട്ട് തൊഴിലിടങ്ങൾ സന്ദർശിച്ച് തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാരം നിർദേശിക്കുകയും ചെയ്തു. പ്രധാനമന്ത്രി ആവാസ് യോജനയുമായി ബന്ധപ്പെട്ട് ലഭിച്ച 31 പരാതികളും തീർപ്പാക്കി.

# സംസ്ഥാനത്ത് നടക്കുന്നത് സമഗ്രമായ മാറ്റങ്ങളെന്ന് മന്ത്രി സജി ചെറിയാൻ

**തിരുവനന്തപുരം:** സർക്കാരിന്റെ ഒൻപത് വർഷക്കാലയളവിൽ സംസ്ഥാനത്ത് സമഗ്രമായ മാറ്റങ്ങളാണ് ഉണ്ടായിരിക്കുന്നതെന്ന് മത്സ്യബന്ധന സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ.

ബീമാപ്പള്ളി സർക്കാർ യു പി സ്കൂളിൽ നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെയും വർണ്ണകൂടാരം പദ്ധതിയുടെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു സജി ചെറിയാൻ.

തീരദേശത്ത് എല്ലാ സ്കൂളുകൾക്കും മികച്ച അടിസ്ഥാന സൗകര്യങ്ങളായിട്ടുണ്ട്. കടലാക്രമണം തടയാനായി 3000 കോടി രൂപയുടെ നൂതന പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ പോകുന്നത്. തീരദേശ മേഖലയിൽ മെഗാ തൊഴിൽമേള നടത്തും. അതിന്റെ ഭാഗമായുള്ള തൊഴിൽതീരം പദ്ധതിയിൽ 39,000 മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ളവർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 10,000 പേർക്ക് ട്രെയിനിങ്ങ് ആരംഭിച്ചു.

ഒരു കോടി 25 ലക്ഷം രൂപ വിനിയോഗിച്ചാണ് പുതിയ സ്കൂൾ കെട്ടിടത്തിന്റെ നിർമാണം പൂർത്തീകരിച്ചത്. 596.9 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ നിർമിച്ചിരിക്കുന്ന ഇരുനിലമന്ദിരത്തിൽ എട്ട് ക്ലാസ് മുറികൾ, ആക്ടിവിറ്റി റൂം, കമ്പ്യൂട്ടർ ലാബ്, സ്റ്റാഫ് റൂം, ഡൈനിങ് ഹാൾ, ആഡിറ്റോറിയം, അടുക്കള, ശുചിമുറികൾ എന്നിവ ഒരുക്കിയിട്ടുണ്ട്.

പ്രീ പ്രൈമറി വിദ്യാഭ്യാസത്തെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുക എന്ന ലക്ഷ്യത്തോടെ സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി സമഗ്ര ശിക്ഷാ കേരളവും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി തിരുവനന്തപുരം സൗത്ത് യുആർസിയുടെ നേതൃത്വത്തിൽ 10 ലക്ഷം രൂപ വിനിയോഗിച്ചാണ് വർണ്ണകൂടാരം പദ്ധതി പൂർത്തിയാക്കിയത്. കുഞ്ഞുങ്ങളുടെ ഭാഷാശേഷി വളർത്താൻ സഹായിക്കുന്ന ഭാഷാവികാസ ഇടം, ലഘു ശാസ്ത്രപരീക്ഷണങ്ങൾക്കും നിരീക്ഷണത്തിനും അവസരം നൽകുന്ന ഇ ശാസ്ത്രയിടം, കളികളിലൂടെ കണക്കിൻറെ ആദ്യപാഠങ്ങൾ നുണയുന്ന ഗണിതയിടം തുടങ്ങി കുട്ടിയുടെ സർവതോന്മുഖ വികാസത്തിനു സഹായിക്കുന്ന 13 പ്രവർത്തന ഇടങ്ങൾ (ആക്ടിവിറ്റി ഏരിയകൾ ) ആണ് സ്കൂളിൽ സജ്ജമാക്കിയിരിക്കുന്നത്.

ബീമാപ്പള്ളി വലിയതുറ റോഡിന്റെ നിർമാണ പ്രവർത്തികൾ ബിഎം&ബിസി അന്താരാഷ്ട്ര നിലവാരത്തോടെ ഉടൻ ആരംഭിക്കുമെന്നും ബീമാപ്പള്ളി പ്രദേശത്തെ കടലാക്രമണം തടയാനായി വിവിധ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനമായിട്ടുണ്ടെന്നും അതിനായി 10 കോടിരൂപ അനുവദിച്ചിട്ടുണ്ടെന്നും ചടങ്ങിൽ അധ്യക്ഷത വഹിച്ച ആന്റണി രാജു എംഎൽഎ പറഞ്ഞു.

സ്കൂൾ അങ്കണത്തിൽ നടന്ന ചടങ്ങിൽ പ്രഥമാധ്യാപിക എൽ. സരിത, എസ്.എസ്. കെ, ഡി.പി.സി ഡോ. ബി നജീബ്, തിരുവനന്തപുരം സൗത്ത് എഇഒ വി. രാജേഷ് ബാബു, എന്നിവർ പങ്കെടുത്തു.



# ആയുർവേദത്തിന്റെ അനന്ത സാധ്യതകളുമായി അന്താരാഷ്ട്ര ഗവേഷണ കേന്ദ്രം യാഥാർഥ്യമാകുന്നു

**കണ്ണൂർ:** ആയുർവേദത്തിന്റെ അനന്ത സാധ്യതകൾ തുറക്കുന്ന രാജ്യത്തെ ആദ്യ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം കണ്ണൂർ ജില്ലയിലെ പടിയൂർകല്ല്യാട് ഗ്രാമപഞ്ചായത്തിൽ ഒരുങ്ങുകയാണ്. നാടിന്റെ മുന്നേറ്റത്തിന് ആയുർവേദത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് സംസ്ഥാന സർക്കാറിന്റെ സുപ്രധാന പദ്ധതികളിൽ ഒന്നായി അന്താരാഷ്ട്ര ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സജ്ജമാകുന്നത്. 311 ഏക്കറിൽ സ്ഥാപിക്കുന്ന ഗവേഷണ കേന്ദ്രത്തിന്റെ ആദ്യഘട്ടം നടപ്പിലാക്കുന്നത് 300 കോടി ചെലവിലാണ്. ആയുർവേദത്തിന്റെ സമഗ്ര വികസനത്തിനും അമൂല്യമായ ഔഷധ സസ്യങ്ങളെ സംരക്ഷിക്കുന്നതിനും ഇതിലൂടെ സാധിക്കും.

ആയുർവേദ ജ്ഞാനങ്ങളും ലോകത്തിലെ വിവിധ പാരമ്പര്യ ചികിത്സാ രീതികളും പ്രദർശിപ്പിക്കുന്ന അന്താരാഷ്ട്ര മ്യൂസിയം ഇതിന്റെ ഭാഗമായി നിലവിൽ വരും. അത്യാധുനിക സൗകര്യങ്ങളുള്ള റിസർച്ച് സെന്ററും 100 കിടക്കകളുള്ള ആശുപത്രിയുമാണ് ഒന്നാം ഘട്ടത്തിൽ ഒരുങ്ങുന്നത്. ആദ്യഘട്ടത്തിൽ വയോജനങ്ങളെ ബാധിക്കുന്ന അസുഖങ്ങൾ, കാൻസർ എന്നിവയിൽ ഗവേഷണം ആരംഭിക്കും. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ശാസ്ത്രജ്ഞന്മാർക്കുള്ള കാട്ടേജ്സ്, ഫാക്കൽറ്റികൾക്കും വിദ്യാർഥികൾക്കുമുള്ള ഹൗസിംഗ് സംവിധാനം എന്നിവ അന്താരാഷ്ട്ര ഗവേഷണ കേന്ദ്രത്തിൽ ഉണ്ടാകും. പഴമയും പുതുമയും കൂടിച്ചേർന്ന് അത്യാധുനിക സംവിധാനങ്ങളോടെയാവും സെന്ററിന്റെ നിർമാണം. സവിശേഷമായ ഔഷധ സസ്യങ്ങളുടെ ഹെർബൽ ഗാർഡനടക്കം കേരളീയ ശിൽപശൈലിയിൽ പ്രകൃതി സൗഹൃദമായാണ് ഗവേഷണ കേന്ദ്രം നിർമിക്കുന്നത്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് 15 കിലോമീറ്റർ മാത്രം ദൂരമായതിനാൽ വലിയ രീതിയിൽ ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും.

പരമ്പരാഗത ആരോഗ്യ മേഖലയിലുള്ള പ്രയോഗങ്ങളും ഔഷധ സമ്പത്തും നിലവിലുള്ള പൊതുജനാരോഗ്യ സംവിധാനവുമായി കൂട്ടിച്ചേർത്ത് പുതിയ മാതൃക സൃഷ്ടിക്കാൻ കഴിയും വിധമാണ് ആയുർവേദ ഗവേഷണ കേന്ദ്രം വിഭാവനം ചെയ്യുന്നത്. കേരളത്തിന്റെ സമ്പന്നമായുള്ള ആയുർവേദ പാരമ്പര്യം, നൂറ്റാണ്ടുകൾ പഴക്കമുള്ള കയ്യെഴുത്ത് പ്രതികൾ, ഔഷധസസ്യ ജൈവവൈവിധ്യം, ആയുർവേദത്തിന്റെ വൈവിധ്യമാർന്ന തത്ത്വങ്ങൾ, സമ്പ്രദായങ്ങൾ, എന്നിവ സംരക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും പുതിയ തലമുറകൾക്കും വിവിധ സംസ്കാരങ്ങൾക്കും പരിചയപ്പെടുത്തുന്നതിനുമുള്ള ഇടമായി ഗവേഷണ കേന്ദ്രം ഉപയോഗപ്പെടുത്താനാവും. ആയുർവേദ വിദ്യാഭ്യാസ വകുപ്പിന് കീഴിലാണ് ആയുർവേദ കേന്ദ്രം നിർമിക്കുന്നത്. പദ്ധതിയുടെ നോഡൽ ഏജൻസി നാഷണൽ ആയുഷ് മിഷനാണ്. ഡിപിആർ തയ്യാറാക്കുന്നത് കിറ്റ്കോ ആണ്. ആയുർവേദ രംഗത്ത് വൻ നിക്ഷേപത്തിനു കളമൊരുങ്ങുന്നതിലൂടെ ഒട്ടേറെ തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിക്കും. ആയുർവേദ ചികിത്സയ്ക്കായി കൂടുതൽ വിദേശികളെ ആകർഷിക്കാൻ സാധിച്ചാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും മുതൽക്കൂട്ടാകും.

# കുസാറ്റ് സിസിസിൽ സ്കൂൾ വിദ്യാർത്ഥികളുടെ ഭക്ഷ്യമേള സംഘടിപ്പിച്ചു



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ശാസ്ത്ര സമൂഹ കേന്ദ്രത്തിൽ (സിസിസ്) 140 സ്കൂൾ വിദ്യാർത്ഥികളുടെ ഭക്ഷ്യമേള സംഘടിപ്പിച്ചു.

അഞ്ച് ബാച്ചുകളായി തിരിഞ്ഞാണ് വിദ്യാർത്ഥികൾ ഭക്ഷണശാലകൾ ഒരുക്കിയത്. കേരള, നോർത്ത് ഇന്ത്യൻ, ചൈനീസ്, ഹൈദരാബാദി, അറേബ്യൻ വിഭവങ്ങൾ, പഴച്ചാറുകൾ, നാടൻ പലഹാരങ്ങൾ, പായസങ്ങൾ, സാലഡുകൾ, കുക്കീസ്, ഡോനട്ട്, കോൾഡ് കോഫി, ഫിഷ് കട്ടലെറ്റ്, കപ്പയും മീനും എന്നിങ്ങനെ നീണ്ട മെനുവാണ് കുട്ടിഷെഫുമാർ ആസ്വാദകർക്കായി ഒരുക്കിയത്.

സ്കൂൾ കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നത് ലക്ഷ്യമിട്ട് നടത്തുന്ന ഒരു മാസം നീണ്ട സയൻസ് ടാലെന്റ്റ് ആൻഡ് ടോട്ടൽ കപ്പാസിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ (എസ്ടിഡിപി) ഭാഗമായാണ് ഒരു ദിവസത്തെ ഭക്ഷ്യമേള സംഘടിപ്പിച്ചത്.

ഒരു മാസക്കാലം നീളുന്ന ഈ ക്യാംപിൽ വിവിധ മേഖലകളിലെ പ്രഗത്ഭർ നടത്തുന്ന ക്ലാസുകൾ ഫസ്റ്റ് എയ്ഡ്, സിനിമ, ബാലാവകാശം തുടങ്ങിയ വിവിധ മേഖലകൾക്കു പുറമെ ശാസ്ത്രജ്ഞരുമായുള്ള സംവാദം, ലാബ് സെഷനുകൾ, ക്ലാസ്സ്മുറികൾക്ക് പുറത്തെ പഠനം, പാചകം, കൃഷി, ലൈഫ് സ്കില്ലുകൾ എന്നിവ ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്നു.

# റോസ്ഗാർമേള നാളെ കൊച്ചിയിൽ; കേന്ദ്രമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥി

**കൊച്ചി:** പതിനഞ്ചാമത് ദേശീയ തല റോസ്ഗാർ മേളയുടെ ഭാഗമായി സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സ് ആൻഡ് കസ്റ്റംസ് (സിബി ഐസി) തിരുവനന്തപുരം സോണിന്റ നേതൃത്വത്തിൽ നാളെ (ഏപ്രിൽ 26) ന് കൊച്ചിയിൽ റോസ്ഗാർ മേള സംഘടിപ്പിക്കും. എറണാകുളം ടി.ഡി. എം ഹാളിൽ രാവിലെ 09.30 ന് ആരംഭിക്കുന്ന മേളയിൽ പ്രധാനമന്ത്രി നരേന്ദ്രമോഡി വീഡിയോ കോൺഫ്രൻസിലൂടെ വിവിധ വകുപ്പിൽ പുതുതായി നിയമനം ലഭിച്ച ഉദ്യോഗാർഥികളുമായി സംവദിക്കും. ചടങ്ങിൽ കേന്ദ്ര പെട്രോളിയം ആന്റ് ടൂറിസം വകുപ്പ് സഹമന്ത്രി സുരേഷ് ഗോപി മുഖ്യാഥിതിയായി പങ്കെടുക്കും. സെൻട്രൽ ടാക്സ്, സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ് തിരുവനന്തപുരം സോൺ ചീഫ് കമ്മീഷണർ ഷെയ്ഖ് ഖാദർ റഹ്മാൻ ഐ.ആർ.എസ് പ്രസംഗിക്കും. ചടങ്ങിൽ പങ്കെടുക്കുന്ന 165 ഉദ്യോഗാർഥികൾ നിയമന ഉത്തരവ് കൈപ്പറ്റും. പൊതുമേഖലാ ബാങ്കുകളിലും 11 സർക്കാർ വകുപ്പുകളിലുമായി നിയമനം ലഭിച്ച

ഉദ്യോഗാർഥാർഥികൾക്കാണ് കൊച്ചിയിൽ നടക്കുന്ന തൊഴിൽ മേളയിൽ നിയമന ഉത്തരവ് നൽകുന്നത്.എയർപോർട്ട് അതോരിറ്റി ഓഫ് ഇന്ത്യ, ബാങ്ക് ഓഫ് ബറോഡ, ഡിഫെൻസ് എസ്റ്റേറ്റ് ഓർഗനൈസേഷൻ, ഡിപ്പാർട്ട്മെന്റ് ഓഫ് പോസ്റ്റ്സ്, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ, ഹയർ എഡ്യുക്കേഷൻ, ഇൻകംടാക്സ്, ഇൻഡ്യൻ ഓവർസീസ് ബാങ്ക്, റെയിൽവേ, കസ്റ്റംസ്, സിജിഎസ്ടി എന്നീവയാണ് കൊച്ചിയിൽ നടക്കുന്ന തൊഴിൽ മ്ളേയിൽ പങ്കെടുക്കുന്നത്. തിരുവനന്തപുരത്തും റോസ്ഗാർ മേള സംഘടിപ്പിച്ചിട്ടുണ്ട്. രാജ്യത്താകമാനം 51,000 ഉദ്യോഗാർഥികൾക്കാണ് പുതിയതായി നിയമനം ലഭിച്ചിരിക്കുന്നത്. 47 കേന്ദ്രങ്ങളിലായിട്ടാണ് ദേശീയതലത്തിൽ റോസ്ഗാർ മേള സംഘടിപ്പിക്കുന്നത്.

# അദ്വൈത വിദ്യാശ്രമത്തിൽ ശ്രീനാരായണതീർത്ഥർ സ്വാമി സ്മരണയും മഹായതിപൂജയും 29 നു നടത്തും

**ശിവഗിരി** : ശ്രീനാരായണഗുരുദേവ ശിഷ്യപ്രമുഖനും ശിവഗിരി മഠം ശാഖാ സ്ഥാപനമായ കുറിച്ചി അദ്വൈത വിദ്യാശ്രമം സ്ഥാപകനുമായിരുന്ന ശ്രീനാരായണ തീർത്ഥർ സ്വാമിയുടെ 59 ാമത് സമാധി സമൃതി സമ്മേളനവും മഹായതി പൂജയും 29ന് കുറച്ചി ആശ്രമത്തിൽ നടക്കും

10.30 ന് സമ്മേളനം ധർമ്മസംഘം ട്രസ്റ്റ് പ്രസിഡൻറ് സച്ചിദാനന്ദ സ്വാമിയുടെ അധ്യക്ഷതയിൽ മുൻ പ്രസിഡൻറ് പത്മശ്രീ വിശുദ്ധാനന്ദ സ്വാമി ഉദ്ഘാടനം ചെയ്യും. ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ അനുഗ്രഹ പ്രഭാഷണവും ട്രഷറർ സ്വാമി ശാരദാനന്ദ യിതിപൂജ വിശദീകരണവും നടത്തും. അദ്വൈത വിദ്യാശ്രമം സെക്രട്ടറിയും ശിവഗിരി മഠം സ്കൂൾസ് കോർപ്പറേറ്റ് മാനേജരുമായ സ്വാമി വിശാലാനന്ദ , ആലുവ അദ്വൈതാശ്രമം സെക്രട്ടറി സ്വാമി ധർമ്മചൈതന്യ, സജീവൻ തന്ത്രി, ചങ്ങനാശ്ശേരി എസ്.എൻ.ഡി.പി യൂണിയൻ പ്രസിഡൻറ് ഗിരീഷ് കോനാട്ട്, സെക്രട്ടറി സുരേഷ് പരമേശ്വരൻ, ചാണ്ടി ഉമ്മൻ എം.എൽ.എ, മുരള്യ ഫൗണ്ടേഷൻ ചെയർമാൻ കെ.മുരളീധരൻ, ന്യൂ രാജസ്ഥാൻ മാർബിൾസ് മാനേജിംഗ് ഡയറക്ടർ വിഷ്ണുഭക്തൻ, ആഘോഷ കമ്മിറ്റി ചെയർമാൻ പി. എസ് ബാബുറാം, ഗുരുധർമ്മ പ്രചരണസഭാ സെക്രട്ടറി സ്വാമി അസംഗാനന്ദഗിരി തുടങ്ങിയവർ പ്രസംഗിക്കും. ശിവഗിരി മഠം തന്ത്രി സ്വാമി ശിവനാരായണ തീർത്ഥർ, അനിരുദ്ധൻ ശാന്തി എന്നിവർ തുടർന്ന് യതിപൂജ നയിക്കും.

# സൗജന്യ കലാപരിശീലനം

**മൂവാറ്റുപുഴ:** ബ്ലോക്ക് പഞ്ചായത്തിലെ വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതി സൗജന്യ കലാ പരിശീലന പരിപാടിയിലേക്ക് പഠിതാക്കളെ ക്ഷണിക്കുന്നു. കഥകളി മദ്ദളം, സംഗീതം വായ്പ്പാട്ട് (കർണാട്ടിക്), പെയിന്റിംഗ് ചിത്രകല, മുടിയേറ്റ് ചെണ്ട തുടങ്ങിയ ഇനങ്ങളിലാണ് സൗജന്യ പരിശീലനം നൽകുന്നത്.

നാടിന്റെ സാംസ്കാരിക ഉന്നതി, പ്രായഭേദമന്യേ കലയോടുള്ള താല്പര്യം സംരക്ഷിക്കുക, പഴമയുടെ നന്മകൾ പുതിയ തലമുറയ്ക്ക് പകർന്നു നൽകുക എന്നിവയാണ് സൗജന്യ കലാ പരിശീലനത്തിന്റെ ലക്ഷ്യം. സാംസ്കാരിക വകുപ്പിന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

കലാ പരിശീലനത്തിൽ പങ്കാളികളാവാൻ താൽപര്യമുള്ളവർക്ക് പഞ്ചായത്ത് ഓഫീസുകൾ മുഖേനയോ ബ്ലോക്ക് ഓഫീസ് മുഖേനയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഏപ്രിൽ 30 വരെയാണ് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി.

കൂടുതൽ വിവരങ്ങൾക്ക് 8848795662(കഥകളി), 9778486329( സംഗീതം), 9656641805 (പെയിന്റിംഗ്), 7510713827 (മുടിയേറ്റ്) എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

# ഉദ്ഘാടനം ചെയ്തു

**കൊച്ചി:** മരട് നഗരസഭയിൽ നെട്ടൂരിലെ നവീകരിച്ച ഡോക്ടർ എപിജെ അബ്ദുൽ കലാം പാർക്കിന്റെ ഉദ്ഘാടനം കെ. ബാബു നിർവഹിച്ചു. കായൽ തീരത്ത് നടപ്പാതകൾ, കുട്ടികൾക്കായുള്ള കളിയുപകരണങ്ങൾ, ഓപ്പൺ സ്റ്റേജ്, പിക്നിക് ഏരിയകൾ, എന്നിവയുൾപ്പെടെ വിപുലമായ സൗകര്യങ്ങൾ ഉൾക്കൊള്ളുന്നതാണ് പാർക്ക്. ഹരിത ഇടങ്ങൾ വികസിപ്പിക്കുന്നതിനും ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നഗരസഭ നയത്തിന്റെ ഭാഗമായിട്ടാണ് പാർക്ക് നവീകരണം.മരട് നഗരസഭ ചെയർമാൻ ആന്റണി ആശാൻ പറമ്പിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ അജിത നന്ദകുമാർ, മിനി ഷാജി, ബെൻഷാദ് നടുവിലവീട്, മോളി ഡെന്നി, ഏജെ തോമസ്, ജയനി പീറ്റർ എന്നിവർ പങ്കെടുത്തു.

# ഡിജിറ്റൽ ഹെൽത്ത് യാഥാർത്ഥ്യത്തിലേക്ക്: 750 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത്

**തിരുവനന്തപുരം:** സംസ്ഥാനത്തെ 752 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത് സംവിധാനം സജ്ജമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മെഡിക്കൽ കോളേജുകളിലെ 18 സ്ഥാപനങ്ങൾ കൂടാതെ 33 ജില്ല/ജനറൽ ആശുപത്രികൾ, 88 താലൂക്ക് ആശുപത്രികൾ, 42 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 501 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 50 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 14 സ്പെഷ്യാലിറ്റി ആശുപത്രികൾ, 3 പബ്ലിക് ഹെൽത്ത് ലാബുകൾ, 3 മറ്റ് ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലാണ് ഇ ഹെൽത്ത് നടപ്പിലാക്കിയത്. മുഴുവൻ ആശുപത്രികളും ഇ ഹെൽത്ത് സംവിധാനം നടപ്പിലാക്കുകയാണ് ലക്ഷ്യം. ഡിജിറ്റലായി പണമടയ്ക്കാനുള്ള സംവിധാനം, ഓൺലൈനായി ഒപി ടിക്കറ്റ്, എംഇഹെൽത്ത് ആപ്പ്, സ്കാൻ എൻ ബുക്ക് സംവിധാനങ്ങൾ എന്നിവ അടുത്തിടെ സജ്ജമാക്കിയതായും മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്ത് ഇ ഹെൽത്ത് സേവനം നേടുന്നവരുടെ എണ്ണം വളരെ കൂടിയിട്ടുണ്ട്. ഇതുവരെ 2.61 കോടിയിലധികം ജനങ്ങൾ ഇ ഹെൽത്തിലൂടെ സ്ഥിര യു.എച്ച്.ഐ.ഡി. രജിസ്ട്രേഷൻ എടുത്തു. താത്ക്കാലിക രജിസ്ട്രേഷനിലൂടെ 8.51 കോടിയിലധികമാണ് ചികിത്സ തേടിയത്. 13.98 ലക്ഷം പേരാണ് ഇ ഹെൽത്ത് സംവിധാനത്തിലൂടെ അഡ്മിറ്റായി ചികിത്സ തേടിയത്. 3.39 കോടിയിലധികം പ്രീ ചെക്കപ്പ്, 8.16 കോടിയിലധികം ഡയഗ്നോസിസ്, 5.31 കോടിയിലധികം പ്രിസ്ക്രിപ്ഷൻ, 1.82 കോടിയിലധികം ലാബ് പരിശോധനകൾ എന്നിവയും ഇ ഹെൽത്തിലൂടെ നടത്തി.

ഇ ഹെൽത്തിലൂടെ ആശുപത്രിയിൽ ക്യൂ നിൽക്കാതെ നേരത്തെ തന്നെ ഒപി ടിക്കറ്റ് എടുക്കാൻ കഴിയുന്നു. വീണ്ടും ചികിത്സ തേടണമെങ്കിൽ ആശുപത്രിയിൽ നിന്നും തന്നെ അഡ്വാൻസ് ടോക്കൺ എടുക്കാനുള്ള സംവിധാനവും സജ്ജമാണ്. ഇ ഹെൽത്ത് പോർട്ടൽ (https://ehealth.kerala.gov.in) വഴിയും എം ഇഹെൽത്ത് ആപ്പ് (https://play.google.com/store/apps/details?id=in.gov.kerala.ehealth.mhealth) വഴിയും അഡ്വാൻസ് ടോക്കൺ എടുക്കാം. ഇതിലൂടെ കാത്തിരിപ്പ് വളരെ കുറയ്ക്കാനാകും.

ഇ ഹെൽത്ത് വഴിയുള്ള സേവനങ്ങൾ ലഭിക്കുവാൻ ആദ്യമായി തിരിച്ചറിയിൽ നമ്പർ സൃഷ്ടിക്കണം. അതിനായി https://ehealth.kerala.gov.in എന്ന പോർട്ടലിൽ കയറി രജിസ്റ്റർ ലിങ്ക് ക്ലിക്ക് ചെയ്യണം. അതിൽ ആധാർ നമ്പർ നൽകുക. തുടർന്ന് ആധാർ രജിസ്റ്റർ ചെയ്ത നമ്പരിൽ ഒടിപി വരും. ഈ ഒടിപി നൽകുമ്പോൾ ഓൺലൈൻ വ്യക്തിഗത ആരോഗ്യ തിരിച്ചറിയൽ നമ്പർ ലഭ്യമാകും. ഇത് പോർട്ടൽ വഴി ഡൌൺലോഡ് ചെയ്യാവുന്നതാണ്.

ആദ്യതവണ ലോഗിൻ ചെയ്യുമ്പോൾ ഇത്തരത്തിലുള്ള 16 അക്ക വ്യക്തിഗത ആരോഗ്യ തിരിച്ചറിയൽ നമ്പറും പാസ് വേർഡും മൊബൈലിൽ മെസേജായി ലഭിക്കും. ഈ തിരിച്ചറിയൽ നമ്പറും പാസ് വേർഡും ഉപയോഗിച്ച് ആശുപത്രികളിലേക്കുള്ള നിശ്ചിത തീയതിയിലും സമയത്തുമുള്ള അപ്പോയിന്റ്മെന്റ് എടുക്കാൻ സാധിക്കും.

ഒരു വ്യക്തിക്ക് ലഭിച്ച തിരിച്ചറിയൽ നമ്പരും പാസ് വേർഡും ഉപയോഗിച്ച് പോർട്ടലിൽ ലോഗിൻ ചെയ്ത ശേഷം ന്യൂ അപ്പോയിന്റ്മെന്റ് ക്ലിക്ക് ചെയ്യുക. റഫറൽ ആണെങ്കിൽ ആ വിവരം രേഖപെടുത്തിയ ശേഷം ആശുപത്രി വിവരങ്ങളും ഡിപ്പാർട്ട്മെന്റും തെരഞ്ഞെടുക്കുക. തുടർന്ന് അപ്പോയിന്റ്മെന്റ് വേണ്ട തീയതി തെരഞ്ഞെടുക്കുമ്പോൾ ആ ദിവസത്തിൽ ലഭ്യമായ ടോക്കണുകൾ ദൃശ്യമാകും. രോഗികൾ അവർക്ക് സൗകര്യപ്രദമായ സമയമനുസരിച്ചുള്ള ടോക്കൺ എടുക്കാവുന്നതാണ്. തുടർന്ന് ടോക്കൺ പ്രിന്റും എടുക്കാവുന്നതാണ്. ടോക്കൺ വിവരങ്ങൾ എസ്.എം.എസ്. ആയും ലഭിക്കുന്നതാണ്. ഇത് ആശുപത്രിയിൽ കാണിച്ചാൽ മതിയാകും. പോർട്ടൽ വഴി അവരുടെ ചികിത്സാവിവരങ്ങൾ, ലാബ് റിസൾട്ട്, പ്രിസ്ക്രിപ്ഷൻ എന്നിവ ലഭ്യമാവുന്നതാണ്.

സംശയങ്ങൾക്ക് ദിശ 104, 1056, 0471 2552056, 2551056 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്

# മലമ്പനി നിവാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സംസ്ഥാനത്ത് മലമ്പനി (മലേറിയ) നിവാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 2027 ഓടെ മലമ്പനി നിവാരണം സാധ്യമാക്കാനുള്ള പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് നടത്തി വരുന്നത്. ഇതര സംസ്ഥാനങ്ങളിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളിലും യാത്രക്കാരിലും കണ്ടെത്തുന്ന മലമ്പനി ഒരു പ്രധാന വെല്ലുവിളിയാണ്. അത് മുന്നിൽ കണ്ടുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. ലോക മലമ്പനി ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി മലമ്പനി രോഗപ്രതിരോധത്തെ സംബന്ധിച്ച ബോധവത്കരണം ശക്തമാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

മലമ്പനിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും മലമ്പനി നിവാരണത്തിനുള്ള ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് എല്ലാ വർഷവും മലമ്പനി ദിനാചരണ പരിപാടികൾ സംഘടിപ്പിക്കുന്നത്. 'മലമ്പനി നിവാരണം യാഥാർത്ഥ്യമാക്കാം: പുനർനിക്ഷേപിക്കാം, പുനർവിചിന്തനം നടത്താം, പുനരുജ്ജ്വലിപ്പിക്കാം' എന്നതാണ് ഈ വർഷത്തെ പ്രമേയം.

ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം തൈക്കാട് സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിൽ ഏപ്രിൽ 25 രാവിലെ 10.30ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും. സംസ്ഥാനത്ത് മലമ്പനി നിവാരണ പ്രവർത്തനങ്ങൾക്കൊപ്പം മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളും കൊതുക് നിവാരണ പ്രവർത്തനങ്ങളും ആരോഗ്യവകുപ്പ് ശക്തിപ്പെടുത്തും.

മലേറിയ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന തോത് കണക്കാക്കുന്ന ആനുവൽ പാരസൈറ്റ് ഇൻഡക്സ് ഒന്നിൽ കുറവുള്ള കാറ്റഗറി 1 സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളം ഉൾപ്പെടുന്നത്. കേരളത്തിൽ 2024ലെ ആനുവൽ പാരസൈറ്റ് ഇൻഡക്സ് 0.027 ആണ്. അതായത് 1000 ജനസംഖ്യക്ക് 0.027 കേസുകളാണ് കേരളത്തിൽ റിപ്പോർട്ട് ചെയ്യുന്നത്. സംസ്ഥാനത്ത് 15 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ മാത്രമാണ് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ തദ്ദേശീയമായി മലമ്പനി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 1019 തദ്ദേശ സ്ഥാപനങ്ങൾ മലമ്പനി നിവാരണത്തിന് അരികിലാണ്. കൃത്യമായ പ്രവർത്തനങ്ങളിലൂടെ മലമ്പനി നിവാരണം യാഥാർത്ഥ്യമാക്കുകയാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തുടനീളം ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ മലമ്പനി സംബന്ധിച്ച ബോധവത്കരണ പരിപാടികൾക്കൊപ്പം മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളുടെ ഏകോപനവും സംഘടിപ്പിക്കും.

# ലഹരി വിരുദ്ധ സന്ദേശ യാത്രയ്ക്ക് മെയ് 5 ന് കാസർകോട് തുടക്കം

**കാസർകോട്:** ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി കളിക്കളങ്ങൾ സജീവമാക്കുക എന്ന ലക്ഷ്യത്തോടെ ലഹരി വിരുദ്ധ സന്ദേശ യാത്ര സംഘടിപ്പിക്കുമെന്ന് കായിക വകുപ്പ് മന്ത്രി വി അബ്ദുറഹിമാൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. മെയ് 5 ന് കാസർഗോഡ് ആരംഭിക്കുന്ന യാത്ര കായിക മന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും പര്യടനം നടത്തും. കിക്ക് ഡ്രഗ് എന്നതാണ് ആപ്തവാക്യം. ജില്ലകളിൽ വിവിധയിടങ്ങളിൽ കാടുപിടിച്ചും മറ്റും അന്യമായ കളിക്കളങ്ങൾ വീണ്ടെടുത്ത് കളിക്കാൻ സജ്ജമാക്കും. സ്പോർട്സ് കിറ്റുകളും ഇവിടങ്ങളിൽ നൽകും.

തദ്ദേശ സ്ഥാപന സ്പോർട്സ് കൗൺസിലുകളും ജില്ലാ സ്പോർട്സ് കൗൺസിലും സംയുക്തമായി ജില്ലകളിൽ പരിപാടികൾ സംഘടിപ്പിക്കും. ഓരോ ജില്ലയിലും മിനി മാരത്തണും കളരിപ്പയറ്റ്, റോളർ സ്കേറ്റിങ്ങ്, കരാട്ടെ, ജൂഡോ തുടങ്ങിയ കായിക പ്രദർശനങ്ങളും സൈക്ലത്തോൺ, വാക്കത്തോൺ, എന്നിവയും ഉണ്ടാകും. വിവിധ കായിക സംഘടനകളും പ്രമുഖ കായിക താരങ്ങളും യാത്രയിൽ പങ്കാളികളാവും. ഓരോ കേന്ദ്രത്തിലും ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലും. ആദ്യഘട്ടത്തിൽ കാസർകോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, പാലക്കാട്, മലപ്പുറം, തൃശൂർ ജില്ലകളിലും രണ്ടാംഘട്ടത്തിൽ തിരുവനന്തപുരത്ത് നിന്നും തുടങ്ങുന്ന യാത്ര കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ഇടുക്കി ജില്ലകളിലും പര്യടനം പൂർത്തിയാക്കി മെയ് 21 ന് എറണാകുളത്ത് മറൈൻ ഡ്രൈവിൽ സമാപിക്കും. സമാപനപരിപാടിയിൽ എല്ലാ പ്രമുഖ കായിക താരങ്ങളെയും അണിനിരത്തി മെഗാ മാരത്തൺ സംഘടിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

കളിക്കളങ്ങളിൽ നിന്നുള്ള അകൽച്ചയും ഡിജിറ്റൽ വിനോദങ്ങളിലേക്കുള്ള ചുരുങ്ങലുമാണ് യുവതലമുറയിലെ തെറ്റായ പ്രവണതകൾക്ക് കാരണം. കായികക്ഷമതാ മിഷന്റെ പ്രവർത്തനങ്ങൾ ജില്ലാതലങ്ങളിൽ കൂടുതൽ കാര്യക്ഷമമാക്കുമെന്നും മന്ത്രി പറഞ്ഞു.

# പഠനോപകരണങ്ങൾ വിതരണം ചെയ്തു

**കൊച്ചി:**പാമ്പക്കുട ഗ്രാമ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിന്റെ ഉദ്ഘാടനം പ്രസിഡന്റ് ശ്രീകാന്ത് നന്ദനൻ നിർവഹിച്ചു. വൈസ് പ്രസിഡന്റ് ശ്യാമള പ്രസാദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ പഞ്ചായത്ത് മെമ്പർമാർ, എസ് സി പ്രമോട്ടർമാർ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

# കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലന പരിപാടി ആരംഭിച്ചു

**കൊച്ചി:** ചോറ്റാനിക്കര ഗ്രാമപ്പഞ്ചായത്ത് വി ആർ എം അക്കാഡമിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനം സ്വീറ്റ് ഇംഗ്ലീഷ് സ്പീക്ക് ഇംഗ്ലീഷ് സമ്മർ വെക്കേഷൻ ക്രാഷ് കോഴ്സിന്റെ ഉദ്ഘാടനം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് എം.ആർ രാജേഷ് നിർവ്വഹിച്ചു.

ഉന്നത വിദ്യാഭ്യാസത്തിനു തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കും വേണ്ടിയാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. ദേശീയ അധ്യാപക അവാർഡ് ജേതാവും ആസൂത്രണ സമിതി ഉപാധ്യക്ഷൻ കൂടിയായ മാത്യു ചെറിയാൻ ക്ലാസ്സ് നയിച്ചു.വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ രജനി മനോഷ്, ഗ്രാമപ്പഞ്ചായത്ത് മെമ്പർ പി.വി പൗലോസ്, മറ്റ് മെമ്പർമാർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

## ഇ ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിലെ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ ടെൻഡർ നടപടികളുടെ വിശദ വിവരങ്ങൾ www.lsg.kerala.gov.in, www.etenders.kerala.gov.in വെബ് സൈറ്റുകളിലും, പ്രവൃത്തി ദിവസങ്ങളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നിന്നും അറിയാം.


## താൽകാലിക ഒഴിവ്

**കൊച്ചി:** കോട്ടയം ജില്ലയിലെ ഒരു സർക്കാർ സ്ഥാപനത്തിൽ ജെൻഡർ സ്പെഷ്യലിസ്റ്റ് തസ്തികയിൽ താൽ കാലിക ഒഴിവുണ്ട്. സോഷ്യൽ വർക്കിലോ മറ്റേതെങ്കിലും സാമൂഹ്യ വിഷയങ്ങളിലോ ഉള്ള ബിരുദം ആണ് യോഗ്യത. ബിരുദാനന്തര ബിരുദം ഉള്ളവർക്ക് മുൻഗണന. സർക്കാർ/ സ്വകാര്യ മേഖലയിൽ സമാന തസ്തികയിൽ മൂന്നു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം. താൽപര്യമുള്ളവർ മെയ് മൂന്നിനകം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യണം.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സർക്കാർ സ്വയം ഭരണ സ്ഥാപനമായ കേരള മീഡിയ അക്കാദമിയുടെ ഡിപ്ലോമ ഇൻ ഓഡിയോ പ്രൊഡക്ഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. സൗണ്ട് എൻജിനീയറിംഗ്, അർ ജെ ട്രെയിനിംഗ്, ഡബ്ബിംഗ്, പോഡ്കാസ്റ്റ്, വോയ്സ് മോഡുലേഷൻ തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നേടി ഏറെ തൊഴിൽ സാധ്യതയുള്ള സർക്കാർ അംഗീകൃത യോഗ്യത നേടാം. കേരള മീഡിയ അക്കാദമിയുടെ തിരുവനന്തപുരം, കൊച്ചി സെന്ററുകളിൽ ആണ് ക്ലാസ്സ് നടക്കുന്നത്. ഇരു സെന്ററുകളിലും പ്രവർത്തിക്കുന്ന അക്കാദമിയുടെ റേഡിയോ കേരള സ്റ്റുഡിയോയിലാണ് ക്ലാസും പരിശീലനവും. രണ്ടര മാസമാണ് കോഴ്സിന്റെ കാലാവധി. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മുതൽ വൈകീട്ട് 4 വരെയാണ് ക്ലാസ്. പ്രായപരിധി ഇല്ല. അടിസ്ഥാന യോഗ്യത പ്ലസ് 2. അപേക്ഷ തപാൽ മുഖേനയോ, ഓൺലൈനായോ സമർപ്പിക്കാം. അപേക്ഷ മെയ് 3 വരെ സ്വീകരിക്കും. വിശദ വിവരങ്ങൾക്ക് അക്കാദമിയുടെ www.keralamediaacademy.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: കൊച്ചി 6282919398, തിരുവനന്തപുരം9744844522.

# ദി ഒഫ്താൽമോളജിസ്റ്റ് പവർ ലിസ്റ്റ് 2025 ൽ ഇടം പിടിച്ച് ഡോ. സൂസൻ ജേക്കബ്



**കൊച്ചി:** ഡോ. അഗർവാൾസ് ഐ ഹോസ്പിറ്റൽ ഡയറക്ടറും ചീഫുമായ ഡോ. സൂസൻ ജേക്കബ് ദി ഒഫ്താൽമോളജിസ്റ്റ് പവർ ലിസ്റ്റ് 2025 ൽ ഇടം പിടിച്ചു. തിമിര ശസ്ത്രക്രിയയിലും റിഫ്രാക്റ്റീവ് ശസ്ത്രക്രിയയിലും മികച്ച 10 വിദഗ്ധരുടെ പട്ടികയിൽ നാലാം തവണയാണ് ഡോ. സൂസൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. കോർണിയ, തിമിരം, ഗ്ലോക്കോമ, കെരാട്ടോകോണസ് എന്നീ മേഖലകളിലെ നേത്രചികിത്സകളിൽ ഒന്നിലധികം നൂതനാശയങ്ങൾക്ക് ഡോ. സൂസൻ ജേക്കബ് പ്രശസ്തി നേടിയിട്ടുണ്ട്.

നേത്രരോഗങ്ങളുടെ വൈദ്യശാസ്ത്ര മേഖലയിലെ പ്രധാന പ്രസിദ്ധീകരണമായ ദി ഒഫ്താൽമോളജിസ്റ്റിന്റെ പവർ ലിസ്റ്റ് ഈ മേഖലയിലെ വിദഗ്ദ്ധർക്കുള്ള അംഗീകാരമാണ്. 2021, 2022, 2024 പതിപ്പുകളിൽ ഉൾപ്പെടുത്തിയിരുന്ന പട്ടികയിലും ഡോ. സൂസൻ ജേക്കബ് ഉൾപെട്ടിട്ടുണ്ട്. ഈ മേഖലയിലെ അവരുടെ സംഭാവനയ്ക്കും സ്വാധീനത്തിനും ലഭിച്ച അംഗീകാരമാണിത്.

# ജിയോ ഫിനാൻഷ്യൽ സർവീസ് വരുമാനത്തിൽ 12% വർധനവ്

**മുംബൈ:** ജിയോ ഫിനാൻഷ്യൽ സർവ്വീസിന്റെ മൊത്തം വരുമാനം മുൻ വർഷത്തെ അപേക്ഷിച്ച് 12% വർധിച്ച് 2,079 കോടിയിലെത്തിയതായി കമ്പനി അധികൃതർ വ്യക്തമാക്കി.

2025 മാർച്ചിൽ അവസാനിച്ച പാദത്തിൽ ജിയോ ഫിനാൻഷ്യൽ സർവീസിന്റെ ഏകീകൃത അറ്റാദായം 1.8% വർധിച്ച് 316.11 കോടിയിലെത്തി . കഴിഞ്ഞ വർഷം ഇതേ പാദത്തിൽ ഇത് 310.63 കോടിയായിരുന്നു. പാദത്തിലെ മൊത്തം വരുമാനം 24% വർധിച്ച് 518 കോടിയിലെത്തി. കഴിഞ്ഞ വർഷം ഇതേ പാദത്തിൽ ഇത് 418 കോടിയായിരുന്നു. മാർച്ച് 31 വരെയുള്ള ബിസിനസ് പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം 349 കോടിയാണ്.കമ്പനിയുടെ സാമ്പത്തിക സ്ഥിരതയും ഓഹരി ഉടമകൾക്കുള്ള വരുമാനവും സൂചിപ്പിച്ച്, 2025 സാമ്പത്തിക വർഷത്തിൽ ഓഹരിക്ക് 0.50 ലാഭവിഹിതം നൽകാൻ ബോർഡ് ശുപാർശ ചെയ്തു.വളർച്ചയ്ക്ക് ഊർജ്ജം നൽകാനും ബിസിനസ്സിന്റെ വളർച്ചയെ പിന്തുണയ്ക്കാനും, ജിയോ ഫിനാൻസ്, ജിയോ പേയ്മെന്റ്സ് ബാങ്ക്, ബ്ലാക്ക്റോക്കുമായുള്ള സംയുക്ത സംരംഭങ്ങൾ എന്നിവയുൾപ്പെടെയുള്ള ഗ്രൂപ്പ് സ്ഥാപനങ്ങളിൽ 1,346 കോടിയുടെ ഇകിറ്റി മൂലധനം നിക്ഷേപിക്കാൻ ബോർഡ് അംഗീകാരം നൽകി.

# 100 കോടിയുടെ എൻസിഡി അവതരിപ്പിച്ച് ഐസിഎൽ ഫിൻകോർപ്പ്

**കൊച്ചി:** നോൺ ബാങ്കിംഗ് ധനകാര്യ സ്ഥാപനമായ ഐസിഎൽ ഫിൻകോർപ്പ് ലിമിറ്റഡ്, 50 കോടിയുടെ എൻസിഡി പബ്ലിക് ഇഷ്യൂ പ്രഖ്യാപിച്ചു, ഇതിനു കൂടെ 50 കോടി വരെ ഗ്രിൻ ഷൂ ഓപ്ഷനായി ലഭ്യമാണ്. ആകെ 100 കോടി വരെയുള്ള ഈ അഞ്ചാമത്തെ പബ്ലിക് ഇഷ്യൂ ഏപ്രിൽ 25 മുതൽ ആരംഭിക്കും. ഈ എൻസിഡികൾ ബിഎസ്ഇയിൽ ലിസ്റ്റ് ചെയ്തവയാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ക്രിസിൽ ബിബിബി സ്റ്റേബിൾ റേറ്റിംഗോടുകൂടിയ ഈ എൻസിഡികൾ, 13.01 ശതമാനം വരെ എഫെക്റ്റീവ് റിട്ടേൺ നൽകുന്ന മികച്ച നിക്ഷേപ അവസരമാണ്. എൻസിഡി ഇഷ്യൂ മെയ് 9 വരെ ലഭ്യമാണ്. പൂർണ്ണമായി സബ്സ്ക്രൈബ് ചെയ്തിട്ടുണ്ടെങ്കിൽ ഇഷ്യു നേരത്തെ തന്നെ അവസാനിക്കുന്നതായിരിക്കും. ഈ ഇഷ്യൂവിലൂടെ സമാഹരിക്കുന്ന പണം കമ്പനിയുടെ ഗോൾഡ് ലോൺ സേവനം കൂടുതൽ ശാക്തീകരിക്കുവാനും ഏറ്റവും നൂതനമായ സാമ്പത്തിക സേവനങ്ങൾ ഉപഭോക്താക്കളിലേക്ക് എത്തിക്കാനുമാണ് തങ്ങൾ ലക്ഷ്യമിടുന്നതെന്നും ഐസിഎൽ ഫിൻകോർപ്പ് അധികൃതർ വ്യക്തമാക്കി. എൻസിഡികൾ 1,000 രൂപ മുഖവിലയുള്ളവയാണ്. 10 നിക്ഷേപ ഓപ്ഷനുകൾ നൽകിക്കൊണ്ട് നാല് വ്യത്യസ്ത സ്കീമുകൾ കമ്പനി വാഗ്ദാനം ചെയ്യുന്നുണ്ട്. ഏറ്റവും മിനിമം അപ്ലിക്കേഷൻ തുക 10,000 രൂപയാണ്. പലിശനിരക്കുകൾ 11 ശതമാനം മുതൽ 13.01 ശതമാനം വരെ വ്യത്യാസപ്പെടുന്നു.

# ഏതർ എനർജി ലിമിറ്റഡ് ഐപിഒ ഏപ്രിൽ 28 മുതൽ

**കൊച്ചി:** ഏതർ എനർജി ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) ഏപ്രിൽ 28 മുതൽ 30വരെ നടക്കും. 2,626 കോടി രൂപയുടെ പുതിയ ഇകിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 11,051,746 ഇകിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 304 രൂപ മുതൽ 321 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 46 ഇകിറ്റി ഓഹരികൾക്കും തുടർന്ന് 46 ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം.

ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ആക്സിസ് കാപ്പിറ്റൽ ലിമിറ്റഡ്, എച്ച്എസ്ബിസി സെക്യൂരിറ്റീസ് ആൻഡ് കാപ്പിറ്റൽ മാർക്കറ്റ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, നോമുറ ഫിനാൻഷ്യൽ അഡ്വൈസറി ആൻഡ് സെക്യൂരിറ്റീസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# കൊച്ചി വാട്ടർമെട്രോ മൂന്നാം വർഷത്തിലേക്ക്; സഞ്ചരിച്ചത് 40 ലക്ഷം പേർ



**കൊച്ചി:** കൊച്ചി വാട്ടർ മെട്രോ 40 ലക്ഷം യാത്രക്കാരെ സ്വന്തമാക്കി രണ്ട് വർഷം പൂർത്തിയാക്കുന്നു. കൊച്ചിയിലെത്തുന്ന വിവിഐപികളുടെ മുതൽ സാധാരണക്കാരുടെ വരെ ടൂറിസം ഡെസ്റ്റിനേഷനായി മാറിക്കഴിഞ്ഞ വാട്ടർമെട്രോ സർവ്വീസ് മൂന്നാം വർഷം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാനൊരുങ്ങുകയാണ്.വാട്ടർ മെട്രോയെന്ന ഈ ജലഗതാഗത സംവിധാനം വളരെ കുറഞ്ഞ ചിലവിൽ പൊതു ഗതാഗത മേഖലയിലെ ഇന്നത്തെയും ഭാവിയിലെയും ആവശ്യങ്ങളെ പരിസ്ഥിതി സൗഹൃദമായ രീതിയിൽ നിറവേറ്റുകയും റോഡുകളിലെ തിരക്ക് കുറയ്ക്കുകയും ചെയ്യുമെന്ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ പറഞ്ഞു.കൊച്ചി വാട്ടർമെട്രോയുടെ മികവുറ്റ പദ്ധതി നിർവ്വഹണവും അതുല്യമായ സർവ്വീസ് മികവും രാജ്യത്തെ 21 സ്ഥലങ്ങളിൽ കൂടി ഇത് നടപ്പാക്കാൻ സർക്കാരിന് കരുത്തുപകർന്നിരിക്കുകയാണ്. വിദേശ രാജ്യങ്ങളിൽ നിന്നുവരെ ഈ പദ്ധതിയെക്കുറിച്ചുള്ള അന്വേഷണം വന്നുകഴിഞ്ഞു. ലോക ബാങ്കും വാട്ടർമെട്രോ സേവനവുമായി കൈകോർക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. പ്രവർത്തന മികവിന് നിരവധി അവാർഡുകളും ചുരുങ്ങിയകാലയളവിനുള്ളിൽ കൊച്ചി വാട്ടർ മെട്രോ സ്വന്തമാക്കി.ആദ്യഘട്ടത്തിൽ 23 ബോട്ടുകളാണ് നിർമിക്കാൻ കൊച്ചിൻ ഷിപ്പ്യാർഡിന് കരാർ നൽകിയിരുന്നത്. 19 ബോട്ടുകൾ ലഭിച്ചു. അവശേഷിക്കുന്ന നാല് ബോട്ടുകളിൽ രണ്ടെണ്ണത്തിന്റെ നിർമാണം പുരോഗമിക്കുന്നു. ഇതിൽ ഒരെണ്ണത്തിന്റെ ട്രയൽ റൺ ആരംഭിച്ചു. ഒന്നര മാസത്തിനുള്ളിൽ ഈ ബോട്ട് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്ഹൈക്കോർട്ട്, ഫോർട്ട് കൊച്ചി, വൈപ്പിൻ, സൗത്ത് ചിറ്റൂർ, ചേരാനല്ലൂർ, ഏലൂർ, വൈറ്റില, കാക്കനാട് എന്നീ ടെർമിനലുകളിലാണ് 19 ബോട്ടുകളുമായി ഇപ്പോൾ സർവ്വീസ് ഉള്ളത്. ഇതിൽ ഏറ്റവും കൂടുതൽ യാത്രക്കാർ ഹൈക്കോർട്ട്ഫോർട്ട്കൊച്ചി റൂട്ടിലാണ്. 2023 ഏപ്രിൽ 25 നാണ് കൊച്ചി വാട്ടർമെട്രോ സർവീസ് ആരംഭിച്ചത്.

വാട്ടർമെട്രോ പദ്ധതിയുടെ ആദ്യഘട്ടത്തിൽ 15 ടെർമിനലുകളാണ് ഉള്ളത്. ഇതിൽ 10 ടെർമിനലുകളിൽ സേവനം ആരംഭിച്ചുകഴിഞ്ഞു. അഞ്ചിടത്ത് ടെർമിനലുകളുടെ നിർമാണം അന്തിമ ഘട്ടത്തിലാണ്. മട്ടാഞ്ചേരി, വില്ലിംഗ്ടൺ ഐലന്റ്റു ടെർമിനലുകൾ അടുത്ത മാസം പ്രവർത്തനം ആരംഭിക്കാൻ ലക്ഷ്യമിട്ട് അന്തിമ ജോലികൾ പുരോഗമിക്കുകയാണ്. കുമ്പളം, പാലിയംതുരുത്ത്, കടമക്കുടി എന്നിവടങ്ങളിൽ ഏതാനും മാസങ്ങൾക്കുള്ളിൽ പണി പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുമെന്നും ലോക്നാഥ് ബഹ്റ വ്യക്തമാക്കി.

മഹാരാഷ്ട്ര ഗവൺമെന്റ് ആവശ്യപ്പെട്ടതനുസരിച്ച് മുംബൈ നഗരത്തിൽ വാട്ടർ മെട്രോ സേവനം നടപ്പാക്കാനുള്ള സാധ്യത പഠന റിപ്പോർട്ട് തയ്യാറാക്കി നൽകിക്കഴിഞ്ഞു. മഹാരാഷ്ട്ര മന്ത്രിസഭയുടെ അനുമതി ലഭിക്കുന്നമുറയ്ക്ക് ഗവൺമെന്റ് തുടർ നടപടികളിലേക്ക് കടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൊച്ചി കായലിൽ തുടക്കമിട്ട പരിസ്ഥിതി സൗഹൃദമായ നൂതന പദ്ധതി മുംബൈ പോലുള്ള ഒരു മഹാനഗരം നടപ്പാക്കാനൊരുങ്ങുന്നത് കേരളത്തിന്റെ പദ്ധതി നിർവ്വഹണ മികവിനുള്ള തെളിവുകൂടിയാണ്.

കൊച്ചി വാട്ടർ മെട്രോയുടെ വിജയകരമായ നടത്തിപ്പിന്റെ പശ്ചാത്തലത്തിൽ കേന്ദ്രഗവൺമെന്റിന്റെ നിർദേശത്തെ തുടർന്ന് 11 സംസ്ഥാനങ്ങളിലും രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളിലുമുള്ള വിവിധ കേന്ദ്രങ്ങളിൽ പദ്ധതി നടപ്പാക്കാനുള്ള സാധ്യത പഠനം നടത്തുകയാണ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്. ജമ്മു, കാശ്മീർ, കർണ്ണാട, ഗോവ, ഒഡീഷ, മഹാരാഷ്ട്ര, ഗുജറാത്ത്, പശ്ചിമ ബംഗാൾ, ആസാം, ബീഹാർ, ഉത്തർപ്രദേശ്, കേരളം എന്നീ സംസ്ഥാനങ്ങളിലെയും ആന്തമാൻ നിക്കോബാർ, ലക്ഷദ്വീപ് എന്നീ കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 21 കേന്ദങ്ങളിൽ വാട്ടർമെട്രോ നടപ്പാക്കാനുള്ള സാധ്യത പഠനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.പ്രയാഗ്രാജ്, വാരണാസി, അയോധ്യ, പാട്ന, അഹമ്മദാബാദ്, സൂററ്റ്, ജമ്മു കാശ്മീർ, ഗോവ, തേജ്പുർ, ദിബ്രുഗഡ്, കട്ടക്, ചിലിക, കൽക്കട്ട, ധൂബ്രി, മംഗലാപുരം, കൊല്ലം, ആലപ്പുഴ, അന്തമാൻ, ലക്ഷദ്വീപ്, മുംബൈ, മുംബൈ വസായ് എന്നിവിടങ്ങളിലാണ് വാട്ടർ മെട്രോ ആരംഭിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നത്. ആദ്യഘട്ടപഠനം പ്രയാഗ്രാജ്, വാരണാസി, അയോധ്യ, എന്നിവടങ്ങളിൽ പൂർത്തിയാക്കിക്കഴിഞ്ഞു.

സിവിൽ, മറൈൻ എഞ്ചിനീയേഴസ് അടങ്ങിയ പഠന സംഘം ചുരുങ്ങിയത് മുന്ന് സന്ദർശനം നടത്തും. ഇപ്പോഴത്തെ ജലാശയങ്ങളുടെ നിലവാരം, ഒഴുക്ക്, ജനവാസം, സാധ്യതയുള്ള സ്ഥലങ്ങൾ, ഇതിന് മുമ്പ് പഠനം നടന്നിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ, ട്രാഫിക് സ്റ്റഡി, എതൊക്കെ ബോട്ടുകൾ ഓടിക്കാൻ പറ്റും, തുടങ്ങിയവ പഠിക്കും. ഓരോ സ്ഥലത്തെയും സ്റ്റേക് ഹോൾഡേഴ്സിന്റെ മീറ്റിംഗ് നടത്തും. ട്രാഫിക് സ്റ്റഡി നടത്താനുള്ള ഏജൻസികളെ ക്ഷണിച്ചുകൊണ്ടുള്ള ടെൻഡർ ക്ഷണിച്ചിരിക്കുകയാണ്.

രാജ്യത്തെ ഇത്രയും സ്ഥലങ്ങളിലെ വൈവിധ്യമാർന്ന ജലകേന്ദ്രങ്ങളിൽ വാട്ടർ മെട്രോ സാധ്യത പഠനം നടത്തുക എന്നത് വലിയ സാങ്കേതിക വെല്ലുവിളിയാണ് ഉയർത്തുന്നതെങ്കിലും പരിചയ സമ്പന്നരായ മനുഷ്യവിഭവശേഷി ഇക്കാര്യത്തിൽ കെഎംആർഎല്ലിന് കരുത്താണ്. കൊച്ചി മെട്രോയുടെ നിലവിലുള്ള വികസന പദ്ധതികൾക്ക് തടസം വരാതെയാണ് പുതിയ കേന്ദ്രങ്ങളിലെ പഠനങ്ങളും നടത്തുന്നത്.

# കൊതുകു ശല്യം ദക്ഷിണേന്ത്യയിലെ 86 ശതമാനം പേർക്കും കുടുംബാരോഗ്യ പ്രശ്നമെന്ന് സർവ്വേ



**കൊച്ചി:** കൊതുകുകൾ രാത്രിയിലെ ഉറക്കം കെടുത്തുന്നതായി ദക്ഷിണേന്ത്യയിലെ വിവിധ പ്രായങ്ങളിലുള്ളവരിലെ 53 ശതമാനത്തോളം പേർ ചൂണ്ടിക്കാട്ടുന്നു. മുതിർന്നവർക്ക് രണ്ടു മണിക്കൂറോളവും കുട്ടികൾക്ക് നാലു മണിക്കൂറോളവും നേരമാണ് രാത്രിയിലെ ഉറക്കം നഷ്ടമാകുന്നത്. പ്രതിരോധ ശേഷി കുറയുവാനും രോഗ സാധ്യതകൾ വർധിക്കാനും ഇതു കാരണമാകുന്നുവെന്നും സർവ്വേ വ്യക്തമാക്കുന്നു. വടക്ക്, കിഴക്ക്, പടിഞ്ഞാറ് മേഖലകളിലുള്ള 87 ശതമാനം പേർക്കും ഇതേ അഭിപ്രായമാണ്. ഉറക്കത്തിലെ ഈ ശല്യം, പ്രത്യേകിച്ച് കുട്ടികളിലും, ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായാണ് ദക്ഷിണേന്ത്യയിലെ 86 ശതമാനം പേരും വിശ്വസിക്കുന്നതെന്നും ലോക മലേറിയ ദിനത്തിനു മുന്നോടിയായി ഗുഡ്നൈറ്റ് നടത്തിയ സർവ്വേയാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. വിപണി ഗവേഷണ സ്ഥാപനമായ യുഗോവ് വഴി ദേശവ്യാപകമായ സർവ്വേയാണ് ഗുഡ്നൈറ്റ് നടത്തിയത്. ഉറക്കത്തിന്റെ കാര്യത്തിലുണ്ടാകുന്ന ഈ ബുദ്ധിമുട്ടുകൾ ഇന്ത്യയിലെ വീടുകളിൽ വലിയൊരു ആശങ്കയായി മാറിയിരിക്കുകയാണെന്ന് പഠനം ചൂണ്ടിക്കാട്ടുന്നു. രോഗ പ്രതിരോധ ശേഷി കുറയൽ, സ്ട്രെസ് വർധിക്കൽ, രോഗബാധ ഉണ്ടാകാനുള്ള സാധ്യത വർധിക്കൽ തുടങ്ങിയ നിരവധി ഗൗരവമായ പ്രശ്നങ്ങളിലേക്ക് ഇതു വഴിവെക്കുന്നുമുണ്ട്.ഇന്ത്യയിലെ കൊതുകു പ്രശ്നം സംബന്ധിച്ച അവബോധം ഉയർത്തിക്കാട്ടുകയാണ് തങ്ങൾ ഇത്തരം നീക്കങ്ങളിലൂടെ ലക്ഷ്യമിടുന്നതെന്ന് ഗോദ്റെജ് കൺസ്യൂമർ പ്രൊഡക്ട്സ് ചീഫ് മാർക്കറ്റിങ് ഓഫിസർ അശ്വിൻ മൂർത്തി പറഞ്ഞു. ഇന്ത്യയിൽ 40 ദശലക്ഷത്തിലേറെ ജനങ്ങളാണ് കൊതുകുജന്യ രോഗങ്ങൾ ബാധിച്ചവരായുള്ളത്. സാമ്പത്തിക രംഗത്തും അതിൻറെ പ്രത്യാഘാതങ്ങളുണ്ടാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# പുതിയ എഐ പിസികൾ അവതരിപ്പിച്ച് എച്ച്പി

**കൊച്ചി :** പുതുതലമുറ എഐ പിസികളുടെ ശ്രേണി എച്ച്പി പുറത്തിറക്കി . വലിയ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, റീട്ടെയിൽ ഉപഭോക്താക്കൾ എന്നിവർക്കായാണ് എച്ച്പി എലൈറ്റ്ബുക്ക്, എച്ച്പി പ്രോബുക്ക്, എച്ച്പി ഓമ്നിബുക്ക് ശ്രേണികൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇന്റൽ കോർ അൾട്രാ 200 വി സീരീസ്, എഎംഡി റൈസൺ എഐ 300 സീരീസ്, ക്വാൽകോം സ്നാപ്ഡ്രാഗൺ എക്സ്, എക്സ് എലൈറ്റ്, എക്സ് പ്ലസ്, എന്നീ പ്രോസസ്സറുകളാണ് ഈ ശ്രേണിയിലുപയോഗിച്ചിരിക്കുന്നത്. എച്ച്പി എഐ കമ്പാനിയൻ, പോളി ക്യാമറ പ്രോ ഫീച്ചറുകൾ, പോളി ഓഡിയോയിലൂടെയുള്ള ഓഡിയോ ട്യൂണിംഗ്, മൈ എച്ച്പി പ്ലാറ്റ്ഫോം എന്നിങ്ങനെയുള്ള മികച്ച എഐ ഫീച്ചറുകൾ പുതിയ ശ്രേണിയുടെ പ്രത്യേകതകളാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. വിഷൽ ഹാക്കിംഗ് തടയാനും സെൻസിറ്റീവ് ഡാറ്റ സ്വകാര്യമായി സൂക്ഷിക്കാനും ഇവയിലെ സുരക്ഷാ ഫിച്ചറുകൾ സഹായിക്കും. കൂടാതെ ദീർഘമായ ബാറ്ററി ലൈഫ്, തടസ്സമില്ലാത്ത മൾട്ടിടാസ്കിംഗ് എന്നിവയും പുതിയ എച്ച്പി എഐ പിസി ശ്രേണി വാഗ്ദാനം നൽകുന്നുണ്ട്.



എച്ച് പി എലൈറ്റ്ബുക്ക് 8 ജി1ഐക്ക് 1,46,622 രൂപയാണ് പ്രാരംഭ വില, എലൈറ്റ്ബുക്ക് 6 ജി1 ക്യൂവിന് 87,440 രൂപയും പ്രോ ബുക്ക് 4 ജി1 ക്യൂവിന് 77,200 രൂപയുമാണ് പ്രാരംഭ വിലകൾ. ഇവ എച്ച്പി ഓൺലൈൻ സ്റ്റോറിൽ നിന്നും ഓർഡർ ചെയ്യാവുന്നതാണ്. എച്ച് പി ഓമ്നിബുക്ക് അൾട്രാ 14ന് 186,499 രൂപയും, ഒമ്നിബുക്ക് എക്സ്ഫ്ളിപ്പ് 14ന് 114,999 രൂപയും, ഒമ്നിബുക്ക് 7 എയ്റോ 13ന് 87,499 രൂപയും ഒമ്നിബുക്ക് 5 16ന് 78,999 രൂപയുമാണ് പ്രാരംഭ വിലകൾ. ഇവ എച്ച്പി വേൾഡ് സ്റ്റോറിലും ഓൺലൈൻ സ്റ്റോറിലും ലഭ്യമാണ്. എച്ച് പി എലൈറ്റ്ബുക്ക് 8 ജി1 എ, 6 ജി1 എ എന്നിവ എച്ച്പി ഓൺലൈൻ സ്റ്റോറിൽ ഉടൻ ലഭ്യമാകും.

## മുത്തൂറ്റ് ഫിനാൻസ് ഇടക്കാല ലാഭവിഹിതം പ്രഖ്യാപിച്ചു

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ സ്വർണ പണയ എൻബിഎഫ്സി ആയ മുത്തൂറ്റ് ഫിനാൻസ് ഡയറക്ടർ ബോർഡ് ഓഹരി ഉടമകൾക്ക് 2024-25 വർഷത്തേക്ക് 26 ശതമാനം ഇടക്കാല ലാഭവിഹിതം നൽകാൻ അനുമതി നൽകി. അംഗങ്ങളുടെ രജിസ്റ്ററിൽ 2025 ഏപ്രിൽ 25ന് പേരുള്ളവർക്കാണ് ഇടക്കാല ലാഭവിഹിതം നൽകുകയെന്ന് മുത്തൂറ്റ് ഫിനാൻസ് മാനേജിങ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു. 30 ദിവസത്തിനകം സെബിയുടെ നിയന്ത്രണ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് ഈ ഇടക്കാല ലാഭവിഹിതം നൽകും. ഐപിഒ നടത്തുകയും ഓഹരികളുടെ ലിസ്റ്റിങ് നടത്തുകയും ചെയ്ത 2011 മുതൽ കമ്പനി എല്ലാ വർഷവും ലാഭവിഹിതം നൽകുന്നുണ്ട്. അന്നു മുതൽ ഇതുവരെ പത്തു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് ആകെ 181.50 രൂപ ലാഭവിഹിതമാണ് നൽകിയിട്ടുള്ളത്. ശക്തമായ പ്രകടനവും എല്ലാ ഓഹരി ഉടമകൾക്കും ദീർഘകാല മൂല്യം നൽകാനുള്ള പ്രതിബദ്ധതയുമാണ് ഇടക്കാല ലാഭവിഹിത പ്രഖ്യാപനത്തിലൂടെ പ്രതിഫലിക്കുന്നതെന്ന ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു. മികച്ച പ്രകടനവും ഓഹരി ഉടമകൾക്കുള്ള തുടർച്ചയായ വരുമാനവും തങ്ങൾ എന്നും മുൻഗണനയോടെ കാണാറുണ്ട്. തങ്ങളുടെ ശക്തമായ ബിസിനസ് മാതൃകയ്ക്കും അച്ചടക്കത്തോടെയുള്ള റിസ്ക് മാനേജുമെൻറിനും ഉപഭോക്തൃ കേന്ദ്രീകൃതമായ പുതുമകൾ കണ്ടെത്തലിനും ഉള്ള സാക്ഷ്യപത്രമാണ് ഈ ലാഭവിഹിതമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## സിഗ്നിഫൈ ഇക്കോലിങ്ക് ഫാനുകൾ പുറത്തിറക്കി

**കൊച്ചി :** ലൈറ്റിംഗിൽ മുൻനിരക്കാരായ സിഗ്നിഫൈ, വേനൽക്കാലത്തെ ഉപഭോക്തൃ ആവശ്യങ്ങൾക്കനുസൃതമായി, ഊർജ്ജ കാര്യക്ഷമതയുള്ള ഇക്കോലിങ്ക് ഫാനുകളുടെ ശ്രേണി പുറത്തിറക്കി. ബിഎൽഡിസി സാങ്കേതികവിദ്യയുള്ള 4 പുതിയ



മോഡലുകളായ എയ്റോഎലിവേറ്റ്, എയ്റോക്വാഡ്, എയ്റോജ്യോമെട്രി, എയ്റോജുവൽ എന്നിവ

5850/രൂപ മുതൽ ആർഭിക്കുന്നു.പുതിയ ബി.എൽ.ഡി.സി., സ്മാർട്ട് ശ്രേണി 5 വർഷത്തെ വാറണ്ടിയും(3+2) ലഭ്യമാണ്

## 200 കോടി സമാഹരിക്കാൻ മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ്

**കൊച്ചി:** മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് 1000 രൂപ മുഖവിലയുള്ള 200 കോടി രൂപയുടെ ഓഹരികളാക്കി മാറ്റാനാവാത്ത സുരക്ഷിതമായ കടപ്പത്രങ്ങളുടെ പബ്ലിക് ഇഷ്യൂ തുടങ്ങി. 100 കോടി രൂപയുടെ അടിസ്ഥാന സമാഹരണവും ഇതോടൊപ്പം 100കോടി രൂപയുടെ വരെ അധിക സമാഹരണവും നടത്താനുള്ള അനുമതിയുടെ അടിസ്ഥാനത്തിലാണ് 200 കോടി സമാഹരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ഏപ്രിൽ 23 ന് ആരംഭിച്ച കടപ്പത്രങ്ങളുടെ വിൽപ്പന മെയ് 7 വരെ തുടരും. വ്യവസ്ഥകൾക്ക് അനുസൃതമായി ഇത് നേരത്തെ അവസാനിപ്പിക്കുവാനുമാകും. ഈ കടപ്പത്രങ്ങൾ ബിഎസ്ഇ യിൽ ലിസ്റ്റ് ചെയ്യുന്നതാണ്.വാർഷികാടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ 9.50 ശതമാനം മുതൽ 10.75 ശതമാനം വരെ പലിശനിരക്ക് ലഭിക്കുന്ന വിവിധ വിഭാഗങ്ങളും കാലാവധികളും നിക്ഷേപകർക്ക് തിരഞ്ഞെടുക്കാം. 18 മാസം, 24 മാസം, 36 മാസം, 48 മാസം, 60 മാസം എന്നീ കാലാവധികളാണ് ലഭ്യമായിട്ടുള്ളത്.ഐസിആർഎ യുടെ ഐസിആർഎ എ(സ്റ്റേബിൾ) റേറ്റിങ് ഉള്ളവയാണ് ഈ കടപ്പത്രങ്ങൾ.2024 ഡിസംബർ 31 വരെയുള്ള കണക്കുകൾ പ്രകാരം 10 സംസ്ഥാനങ്ങളിലും ഡൽഹി, പുതുച്ചേരി എന്നീ കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 921 ശാഖകളും 5335 ജീവനക്കാരുമാണ് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സിനുള്ളത്.




## ടോമി ഹിൽഫിഗർ മുംബൈയിൽ

**കൊച്ചി:** അമേരിക്കൻ ഫാഷൻ ഡിസൈനർ ടോമി ഹിൽഫിഗർ മുംബൈ സന്ദർശിച്ചു. ബാന്ദ്ര കുർള കോംപ്ലക്സിലെ ജിയോ വേൾഡ് ഡ്രൈവിലെ ടോമി ഹിൽഫിഗർ സ്റ്റോറിലാണ് അദ്ദേഹം സന്ദർശനം നടത്തിയത്. ഇന്ത്യൻ ക്രിയേറ്റീവ് ഫോഴ്സ്, സാറാജെയ്ൻ ഡയസും ബോളിവുഡ് നടിയും മോഡലുമായ മാനുഷി ചില്ലറും ചേർന്ന് നടത്തിയ പാനൽ ചർച്ചയിലും ഹിൽഫിഗർ പങ്കെടുത്തു.താജ് മഹൽ പാലസ് ഹോട്ടലിനുള്ളിൽ സ്ഥിതി ചെയ്യുന്ന താജ് ചേമ്പേഴ്സിൽ ടോമി ഹിൽഫിഗർ അത്താഴവിരുന്ന് സംഘടിപ്പിച്ചു. കരൺ ജോഹർ, സാറ അലി ഖാൻ, ഇബ്രാഹിം അലി ഖാൻ, ആദിത്യ റോയ് കപൂർ, ശിഖർ ധവാൻ, ഗുരു രന്ധാവ തുടങ്ങിയ പ്രമുഖർ പങ്കെടുത്തു. ലോകത്തിലെ ഏറ്റവും പ്രമുഖപ്രീമിയം ലൈഫ് സ്റ്റൈൽ ബ്രാൻഡുകളിലൊന്നാണ് ടോമി ഹിൽഫിഗർ.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com